(ഇ) 2014-15 വർഷത്തിൽ എറണാകുളം ഡിവിഷനിൽ രണ്ടുപേരും പാലക്കാട് ഡിവിഷനിൽ രണ്ട് പേരും ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. 2015-16 വർഷത്തിൽ പാലക്കാട് ഡിവിഷനിൽ ഒരാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്.

വ്യാജമദ്യ കേസ്സുകൾ

108 (3215) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യം ഉൽപ്പാദിപ്പിച്ചതിനും കൈകാര്യം ചെയ്തതിനും ഓരോ വർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ ഏതെല്ലാം തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം എല്ലാ മാസവും താലൂക്ക്/ജില്ലാ/മേഖല/ സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി)

ജില്ല	2011	2012	2013	2014	2015	2016
1	2	3	4	5	6	7
തിരുവനന്തപുരം	144	135	108	89	96	12
കൊല്ലം	65	61	35	34	73	9
പത്തനംതിട്ട	34	47	26	23	35	12
ആലപ്പുഴ	,66	106	123	121	68	6
കോട്ടയം	1	12	7	14	22	4
ഇടുക്കി	18	28	17	28	52	10
എറണാകുളം	8	9	4	9	10	1
തൃശ്ശൂർ	42	30	32	51	53	13

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5	6	7
പാലക്കാട്	145	166	153	140	140	18
മലപ്പുറം	51	61	31	19	51	15
കോഴിക്കോട്	169	185	166	153	409	98.
വയനാട്	42	50	71	66	88	15
കണ്ണൂർ	48	70	45	49	28	6
കാസർഗോഡ്	166	240	180	219	243	56
ആകെ	999	1200	998	1015	1368	275

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്

109 (3216) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എക്സൈസ് ഗാർഡിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും എക്സൈസ് വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണവും എക്സൈസ് വകുപ്പിൽ നിയമന നിരോധനം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

3-8-2015-ന് നിലവിൽ വന്ന കാസർഗോഡ് ജില്ലാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനായി നാല് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമന നിരോധനം സർക്കാർ നയമല്ല.

സ്വീപ്പറായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം

110 (3217) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ സ്വീപ്പർമാരായി ജോലി ചെയ്യുവരുന്ന തൊഴിലാളികൾക്ക് നിലവിൽ ഏത് നിരക്കിലാണ് വേതനം നൽകിവരുന്നതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly